# US PROFILES



# എ.സി. ജോർജ്













# എ.സി. ജോർജ്: സൗമ്യതക്കുപിന്നിലെ ഉത്പതിഷ്ണുവായ ചിന്തകൻ, എഴുത്തുകാരൻ

സൗമ്യമായ പെരുമാറ്റത്തിനും ശാന്തമായ സ്വരത്തിനും പിന്നിൽ ഉത്പതിഷ്ണുവായ ചിന്തകൻ ഉണ്ടെന്ന് എ.സി. ജോർജിനെ (ആടുകുഴിയിൽ ചാക്കോ ജോർജ്) കണ്ടാൽ തോന്നില്ല. എന്നാൽ എല്ലാ കാര്യങ്ങളിലും സ്വന്തമായ അഭിപ്രായം കൈമുതലായുള്ള ജോർജ് ചിന്തകളിലെ യുവത്വവും മാറ്റങ്ങൾക്കു വേണ്ടിയുള്ള പ്രസരിപ്പാർന്ന നിലപാടും കൊണ്ട് വ്യത്യസ്തനായി നിൽക്കുന്നു. സാമൂഹിക കാര്യങ്ങളിലും സഭാ കാര്യങ്ങളിലുമൊക്കെ ഈ നിലപാട് പ്രകടമായി കാണാം.

സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ മാത്രമല്ല സാഹിത്യരംഗത്തും തന്റേതായ സംഭാവനകളർപ്പിച്ച ബഹുമുഖ പ്രതിഭയാണ് ജോർജ്.

ഇന്ത്യൻ റെയിൽവേയുടെ കർണാടക ഡിവിഷൻ ജീവനക്കാരനും റെയിൽവേ മസ്ദൂർ യൂണിയൻ സെക്രട്ടറിയുമായിരുന്ന എ. സി. ജോർജ് 1975 അമേരിക്കയിലേക്ക് കുടിയേറി. 34 വർഷം ന്യൂയോർക്കിലെ വെസ്റ്റ്ചെസ്റ്റർ കൗണ്ടിയിൽ, (വൈറ്റ് പ്ലെയിൻസ്) താമസിച്ചതിനു ശേഷം 11 വർഷം മുൻപ് ഹ്യൂസ്റ്റണിലേക്കു താമസം മാറ്റി. ഔദ്യോഗിക ജോലികളിൽ നിന്ന് റിട്ടയർ ചെയ്തെങ്കിലും സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ അദ്ദേഹത്തിന്റെ സജീവസാന്നിധ്യം ഇപ്പോഴുമുണ്ട്.

ഇതാണ് ലഘുജീവചരിത്രം. 34 വർഷത്തെ ന്യൂയോർക് വാസത്തിനിടയിൽ എ. സി. ജോർജിന്റെ കയ്യൊപ്പ് പതിയാത്ത മേഖലകൾ വിരളമാണെന്ന് പറയാം.

ഇപ്പോൾ 76 വയസായി. തിരിഞ്ഞു നോക്കുമ്പോൾ ജീവിതം നൽകിയ നന്മകളിൽ-പ്രത്യേകിച്ച്













അമേരിക്കൻ ജീവിതം- തികഞ്ഞ സംതൃപ്തി. അമേരിക്കയിൽ വന്നില്ലായിരുന്നെങ്കിൽ വ്യത്യസ്തമായ അറിവുകളും മെച്ചപ്പെട്ട ജീവിതവും സാധ്യമാകുമായിരുന്നില്ല.

ഈ പ്രായത്തിൽ ഇനി അതിമോഹങ്ങളില്ല. നേതൃത്വമോ പ്രശസ്തിയോ ഒന്നും ആവശ്യമില്ല. ആരെയും ആശ്രയിക്കാതെ, എല്ലാവരുമായി സ്നേഹത്തിൽ കഴിഞ്ഞു പോകണം.

അമേരിക്കയിലെ ആദ്യകാല സൗഹൃദങ്ങളുടെ ഊഷ്മളത പറഞ്ഞറിയിക്കാനാവില്ല. കാണുന്ന ഏതൊരു മലയാളിയും സുഹൃത്തായി മാറുന്നു. ഇന്നോ? മലയാളികൾ കൂടി. ബന്ധങ്ങൾ ഇല്ലാതായി. യാന്ത്രികതയും കൃത്രിമത്വവും ജീവിത ശൈലിയായി.


അന്ന് ജാതി-മത ഭിന്നതകളില്ല. ക്രമേണ പള്ളികളും ക്ഷേത്രങ്ങളും ജീവിതത്തിന്റെ അടിസ്ഥാന ഘടകമായി. അവ വേലികൾ കെട്ടി മനുഷ്യരെ അതിൽ തളച്ചിട്ടു. ഓണം പോലും ആഘോഷിക്കാൻ പള്ളിയിലോ ക്ഷേത്രത്തിലോ വന്നാൽ മതി എന്നായി. ഓണത്തിന്റെ പ്രസക്തിയും സാഹോദര്യം എന്ന ആശയവും അതോടെ ഇല്ലാതായി. ഹൂസ്റ്റണിൽ മലയാളി അസോസിയേഷൻ ഓഫ് ഗ്രെറ്റർ ഹൂസ്റ്റണിൽ ഓണത്തിന് മുമ്പ് 2000 പേര് വന്നിടത്ത് ഇപ്പോൾ 400 പേരൊക്കെയാണ് വരുന്നത്. ജോർജിന്റെ ജീവിതത്തിലേക്കും ചിന്തകളിലേക്കുമുള്ള ഒരു എത്തിനോട്ടം മാത്രമാണ് ഈ ലേഖനം

**സംഘാടകൻ, നേതാവ്**

ആദ്യകാല മലയാളി സംഘടനകളിൽ ഒന്നായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡൻറ്, പ്രസ്തുത സംഘടനയുടെ ആദ്യത്തെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ സംഘടനയുടെ പ്രസിദ്ധീകരണമായ കേരള ദർശനത്തിന് മുഖ്യപത്രാധിപർ, ജനധ്വനി ആർട്സ് പ്രസിഡൻറ്, ജനധ്വനി പ്രസിദ്ധീകരണത്തിന് മുഖ്യപത്രാധിപർ.

ഏകദേശം പതിനായിരം അംഗങ്ങൾ ഉണ്ടായിരുന്ന സിവിൽ സർവീസ് എംപ്ലോയിസ് അസോസിയേഷൻ, വെസ്റ്റ്ചെസ്റ്റർ യൂണിറ്റ് വൈസ് പ്രസിഡൻറ്, ഇന്ത്യൻ അമേരിക്കൻ പൊളിറ്റിക്കൽ ഫോറം (വെസ്റ്റ്ചെസ്റ്റർ യൂണിറ്റ്) പ്രസിഡണ്ട്, സെക്രട്ടറി, വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ, റീജിയൻ സെക്രട്ടറി, പ്രസ്തുത സംഘടനയുടെ വെസ്റ്റ്ചെസ്റ്റർ കൗണ്ടി യൂണിറ്റ് പ്രസിഡൻറ്, സംഘടനയുടെ അമേരിക്ക റീജിയൻ കൺവെൻഷൻ കമ്മിറ്റി സെക്രട്ടറി, ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻ (F I A) കൾച്ചറൽ കമ്മിറ്റി ചെയർപേഴ്സൺ, ഡെമോക്രാറ്റിക് പാർട്ടിയുടെ ഇന്ത്യൻ അമേരിക്കൻ സെക്ഷൻ കമ്മിറ്റി മെമ്പർ, ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ പ്രസിഡൻറ്, അസോസിയേഷൻ മുഖപത്രമായ കാത്തലിക് വോയിസ് മുഖ്യപത്രാധിപർ (ഏഴുവർഷം), ഫെഡറേഷൻ ഓഫ് ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക (എഫ് ഐ സി എ) യുടെ സ്ഥാപക കൺവീനർ, ഇന്ത്യൻ അമേരിക്കൻ ഫോറം വൈറ്റപ്ലെൻസിൽ സംഘടിപ്പിച്ചഇൻഡ്യ ഡേ പരേഡ് കമ്മിറ്റി ചെയർമാൻ, ഫൊക്കാന സ്ഥാപന കാലഘട്ടത്തിൽ ഇദംപ്രഥമമായി ന്യൂ യോർക്കിൽ സംഘടിപ്പിച്ച യുവജനോത്സവത്തിലെ ചെയർമാൻ, വിവിധ സംവാദങ്ങളുടെ സംഘാടകൻ, സീറോ മലബാർ കാത്തലിക് കോൺഗ്രസ് സ്ഥാപക കമ്മിറ്റി മെമ്പർ, ആ സംഘടനയുടെ ആദ്യ കൺവെൻഷൻ പബ്ലിസിറ്റി ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു വ്യ












ക്തിപ്രഭാവം തെളിയിച്ച അദ്ദേഹം ഇപ്പോൾ വിവിധ മീഡിയകളിൽ സ്വതന്ത്ര ചിന്തകനും, ഫ്രീലാൻസ് റൈറ്ററും ആണ്.

കൂടാതെ കേരള ഡിബേറ്റ് ഫോറം യു.എസ്.എ., കേരള ലിറ്ററി ഫോറം യുഎസ്എ, മലയാളം സൊസൈറ്റി ഓഫ് അമേരിക്ക, കേരള റൈറ്റേഴ്സ് ഫോറം തുടങ്ങിയ പ്രസ്ഥാനങ്ങളിൽ അദ്ദേഹം സജീവമായി പ്രവർത്തിക്കുന്നു.

നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കു വേണ്ടി തൂലിക ചലിപ്പിച്ച അദ്ദേഹം തൻറെ സ്വതസിദ്ധമായ ശൈലിയിൽ ഇപ്പോഴും എഴുതിക്കൊണ്ടിരിക്കുന്നു. സാമൂഹ്യ സാംസ്കാരിക പ്രവർത്തനവും അനസ്യൂതം തുടരുന്നു.

നാട്ടിൽ പ്രവാസികൾ നേരിടുന്ന ഓ.സി.ഐ., വിസ സ്വത്ത് സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ കേരള ഡിബേറ്റ് ഫോറം യുഎസ്എ യുടെ ബാനറിൽ സെമിനാറുകളും സിമ്പോസിയങ്ങളും സംഘടിപ്പിക്കാൻ മുൻനിരയിൽ നിന്ന് പ്രവർത്തിച്ചിട്ടുണ്ട്.

കൊച്ചിയിൽ നിന്ന് ആരംഭിച്ചു തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ അവസാനിച്ച പ്രവാസി പ്രോപ്പർട്ടി പ്രൊട്ടക്ഷൻ റാലിയിൽ നേതൃനിരയിൽ നിന്നു തന്നെ പ്രവർത്തിച്ചു.

സംഘടനാ പ്രവർത്തനങ്ങളിൽ നിസ്തുലമായ സേവനം കാഴ്ചവച്ചിട്ടുള്ള കർത്തവ്യ നിപുണൻ ആണ് എ.സി.ജോർജ്.

**വ്യക്തിയും കുടുംബവും**


ഹ്യൂസ്റ്റൺ - മിസ്സൗറി സിറ്റിയിലുള്ള. ഭവനത്തിൽ ഇപ്പോൾ ഭാര്യ മോളിയും (അന്നാ ജോർജ്) ഞാനും മാത്രം. ഞങ്ങൾക്ക് മൂന്ന് മുതിർന്ന ആൺകുട്ടികളാണ്. മൂത്ത മകൻ, ജെയിംസ് നുയോർക്കിൽ. മറ്റ് രണ്ട് മക്കൾ, ജയ്സൺ, ജസ്റ്റിൻ എന്നിവർ എൻറെ വീട്ടിൽ നിന്ന് ഏതാണ്ട് 5 കിലോമീറ്റർ അകലെ ഹ്യൂസ്റ്റനിൽ തന്നെ വേറെ, വേറെ വീടുകളിൽ താമസിക്കുന്നു. ഒരാഴ്ചയിൽ രണ്ടുമൂന്നു പ്രാവശ്യം അവർ ഞങ്ങളെ വന്നു സന്ദർശിച്ചിട്ടു പോകും. വിവാഹിതനായ ജെയ്സന്റെ ഭാര്യ ഡോ. രചന. മൂന്ന്














കൊച്ചുമക്കൾ.

ആർ.എൻ. ആയി ഭാര്യ വെസ്റ്റ്ചെസ്റ്റർ മെഡിക്കൽ സെന്ററിൽ ജോലിക്കു കയറുമ്പോൾ അവിടത്തെ ഏക മലയാളി ആയിരുന്നു. ഇന്നവിടെ നിരവധി മലയാളികൾ ജോലി ചെയ്യുന്നു.

**ഇപ്പോൾ എന്തൊക്കെയാണ് ചെയ്യുന്നത്?**

സാധാരണയായ് വീട്ടുജോലികൾ, വീട്ടുവളപ്പിലെ അല്പ സ്വല്പം അടുക്കളത്തോട്ടം പച്ചക്കറി കൃഷികൾ. പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളെ നേരിടാനുള്ള അനുദിന ചികിത്സകൾ പിന്നെ കുറച്ച് വായന, എഴുത്ത്, വർചൽ മീറ്റിംഗ്, പലപ്പോഴും നടക്കാനും പോകാറുണ്ട്. സോഷ്യൽ മീഡിയ രംഗത്ത് ഞാൻ വളരെ സജീവമാണ്. അതിലെ പോസ്റ്റുകൾക്ക് മറുപടി എഴുതുക, സ്വയം പോസ്റ്റ് ഇടുക ഒക്കെ നിത്യജീവിതത്തിന് ഭാഗമായി തീർന്നിരിക്കുകയാണ്

**ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകൾ എന്തൊക്കെ?**

മറ്റു പലരെയും ഒക്കെ പോലെ തന്നെ ശാന്തിയും സമാധാനവും നിറഞ്ഞ ഒരു ജീവിതം, സംഘർഷ രഹിതമായ വരും നാളുകൾ ഒക്കെയാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇനി സമൂഹത്തിൽ വലിയ വലിയ പദവികൾ, ഉത്തരവാദിത്തങ്ങൾ, ഞാൻ ഒന്നും പ്രതീക്ഷിക്കുന്നില്ല. ഇപ്പോഴും പല പദവികൾ തേടിയെത്താറുണ്ട് പക്ഷേ മുന്നോട്ടുള്ള സമാധാന ജീവിതത്തിനായി ഞാൻ പലപദവികളും ഇപ്പോൾ നിരാകരിച്ചു വരികയാണ്.

ഇത്തരം പുതിയ പദവികളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ ഇപ്പോഴത്തെ ചെറുപ്പക്കാരാണ് തയ്യാറാക്കേണ്ടത്. എനിക്കിപ്പോൾ 76 വയസ്സുണ്ട്. ഒരു മനുഷ്യൻറെ ശരാശരി ആയുർദൈർഘ്യം ഞാൻ പിന്നിട്ടു കഴിഞ്ഞു. ആയ കാലത്ത് പല സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലും സംഘടനകളിലും പ്രവർത്തിച്ചിട്ടുണ്ട്. ആ കാലങ്ങളിലും ഒരു ചെയറിൽ തന്നെ ഒട്ടി പിടിക്കാനോ , കുത്തി ഇരിക്കാനോ ശ്രമിച്ചിട്ടില്ല. എപ്പോഴും ഡെമോക്രാറ്റിക് പ്രോസസിൽ വിശ്വസിക്കുന്നു. എൻറെ ഈ വാക്കുകൾ ദയവായി ആരും നെഗറ്റീവ് അർത്ഥത്തിൽ എടുക്കരുത്.

**സാഹിത്യ രംഗത്തെ നേട്ടങ്ങൾ എന്തൊക്കെ? എഴുത്തുകാരൻ എന്ന നിലയിൽ എങ്ങനെ സ്വയം വിലയിരുത്തുന്നു?**

കേരളത്തിലെയും വിദേശങ്ങളിലെയും മാധ്യമങ്ങളിൽ ധാരാളമായി എഴുതിയിട്ടുണ്ട്. എൻറെ രചനകളിൽ പറ്റുന്നത്ര നീതി പുലർത്തിക്കൊണ്ട് നിഷ്പക്ഷത പാലിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട് എന്നാണ് എൻറെ വിശ്വാസം. ഒരു ഫ്രീലാൻസ് എളിയ എഴുത്തുകാരൻ, സ്വതന്ത്ര ചിന്തകൻ എന്ന് എന്നെ വിളിക്കുന്നത് ആകും ശരി. എഴുത്ത് എൻറെ ഒരു ഹോബി ആണ് അല്ലാതെ അതൊരു ജീവന മാർഗം ആയിരുന്നില്ല. സ്വന്തമായിട്ടും അതിനപ്പുറം വിവിധ സംഘടനകൾക്ക് ആയിട്ടും വിവിധ പ്രസിദ്ധീകരണങ്ങളുടെ, ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇലക്ട്രോണിക് മീഡിയയുടെ യുഗമാണ് അവിടെയും കുറച്ചൊക്കെ ശ്രദ്ധകേന്ദ്രീകരിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്.

**നാടുമായി ഇപ്പോഴുള്ള ബന്ധം എന്ത് ?**

ഞാൻ എറണാകുളം ജില്ലയിലെ ഇപ്പോഴത്തെ കോതമംഗലം താലൂക്കിൽ, പൈങ്ങോട്ടൂർ ഉള്ള ഒരു ദരിദ്ര കർഷക കുടുംബത്തിൽ ഒമ്പത് മക്കളിൽ മൂത്ത മകനാണ്. ദാരിദ്ര്യത്തിന്റെ കഷ്ടപ്പാട് അതിനാൽ ധാരാളമായി അനുഭവിച്ചിട്ടുണ്ട്.

പിന്നെ ജന്മനാട് കേരളവും ആയിട്ടുള്ള പൊക്കിൾകൊടി ബന്ധം നമ്മൾക്ക് ആർക്കാണ് മറക്കാൻ പറ്റുക. ജീവിതത്തിൻറെ സിംഹഭാഗവും, ഏതാണ്ട് 9 കൊല്ലം ബാംഗ്ലൂർ ഭാഗത്തും, പിന്നീട് 34 വർഷം ന്യൂയോർക്കിലും ഇപ്പോൾ 11 വർഷമായി ടെക്സസിലും (Houston) ആണ് ഞാൻ കഴിയുന്നത്.

എങ്കിലും, ഇന്നും നാടും തൊടികളും എല്ലാം ഹൃദയത്തിൽ പച്ചപിടിച്ചു തന്നെ നിൽക്കുന്നു. മിക്കവാറും എല്ലാവർക്കും പ്രിയ കവി ഒഎൻവി പാടിയത് മാതിരി ' ഒരുവട്ടം കൂടിയെൻ ഓർമ്മകൾ














മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം'. നാട്ടിലെ രാഷ്ട്രീയക്കാരും മതമേധാവികളും ബ്യൂറോക്രാറ്റുകളും അവിടത്തെ ദൈനംദിന ജീവിതം പോലും ദുസ്സഹം ആക്കുന്ന അവസരത്തിൽ പോലും നമ്മൾ പ്രവാസികൾ നാടിനെ സ്നേഹിക്കുന്നു. നാടിനെയും നാട്ടാരെയും സഹായിക്കുന്നു. അവിടെയെത്തുന്ന പ്രവാസികൾ പല തരത്തിൽ കബളിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അവർ നാടിനെ സ്നേഹിക്കുന്നു. ഞാനും അങ്ങനെ തന്നെ.

**ന്യൂയോർക്ക് ജീവിതവും ടെക്സസ് ജീവിതവും തമ്മിൽ ഒരു താരതമ്യം പറയാമോ?**

എൻറെ അമേരിക്കൻ ജീവിതം തുടങ്ങിയത് ന്യൂയോർക്കിലാണ്. അമേരിക്കൻ ജോലിയും സ്വപ്നവും എല്ലാം അവിടെ നിന്നാണ് ആരംഭിച്ചത്. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾക്കു ഏറ്റവും വളക്കൂറുള്ള മണ്ണ് ആയിട്ടാണ് ന്യൂയോർക്കിനെപ്പറ്റി തോന്നുന്നത്.

അവിടെയുള്ള പോലെ മലയാളികൾക്ക് വൈവിധ്യമേറിയ സംഘടനകൾ മറ്റേത് സിറ്റിയിലും സ്റ്റേറ്റിലും ഉണ്ടെന്നു തോന്നുന്നില്ല. എന്തിനുമേതിനും ന്യൂയോർക്ക് ന്യൂജേഴ്സി ആണ് സിരാകേന്ദ്രം. പിന്നെ ജോലിയിൽ നിന്ന് റിട്ടയർ ആയശേഷം, സ്നോയിൽ നിന്നും തണുപ്പിൽ നിന്നും രക്ഷപ്പെടാനായി, ഒരല്പം കൂടെ തിരക്ക് കുറഞ്ഞ, ഏതാണ്ട് കേരളീയ കാലാവസ്ഥയുള്ള ടെക്സസ്സിലെ ഹ്യൂസ്റ്റൺ ഭാഗത്തേക്ക് കുടിയേറി.

എല്ലാവർക്കും അറിയാവുന്ന പോലെ ഇവിടത്തെ ജനങ്ങൾ അധികവും കൺസർവേറ്റീവ് ചിന്താഗതി ഉള്ളവരാണ്. ഇവിടത്തെ കൊച്ചുകൊച്ചു നഗരങ്ങളിൽ, മലയാളിക്ക് രാഷ്ട്രീയ രംഗങ്ങളിലും കൂടുതലായി പ്രവർത്തിക്കാനും സ്ഥാനങ്ങൾ അലങ്കരിക്കാനും സാധിക്കും. ഞാൻ താമസിക്കുന്ന മിസോറി സിറ്റിയിലെ മേയർ മലയാളി റോബിൻ ഇലക്കാട്ട്. കൗണ്ടിയിലെ മേലധികാരി മറ്റൊരു മലയാളി കെ. പി. ജോർജ്.

മറ്റു വിവിധ സ്ഥാനങ്ങളിൽ മലയാളി മത്സരിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ നാട്ടിലെ അവിശുദ്ധ രാഷ്ട്രീയം ഇവിടെ കൊണ്ടു വരാതിരുന്നാൽ നന്നായിരുന്നു. പള്ളിക്കാരും അമ്പലക്കാരും ഇവിടെ തഴച്ചു വളരുന്നു. മതത്തിൻറെ പേരിൽ ഉള്ള വർഗീയ ചിന്താഗതികളും സംഘടനകളും ഇവിടെ ധാരാളമായിട്ടുണ്ട്. ദേശീയതയും സെക്യുലറിസവും മലയാളി മനസ്സുകളിൽ നിന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. ഇന്ത്യയിലും സെക്യുലറിസം അസ്തമിച്ചു കൊണ്ടിരിക്കുകയാണല്ലോ.

അമേരിക്കയിൽ കുടിയേറിയ മലയാളി മനസ്സുകളിലും സെക്യുലർ ചിന്താഗതികൾ കുറഞ്ഞു. കൊണ്ടിരിക്കുകയാണ് എന്ന് തന്നെ പറയാം. സെക്യുലറിസം ഉയർത്തിപ്പിടിക്കുന്ന മഹത്തായ ഒരു ജനാധിപത്യ രാജ്യമാണ് അമേരിക്ക. ലോകത്തുള്ള എല്ലാ ജാതി മതസ്ഥരെയും ഇവിടെ കാണാം. എന്നാൽ ഇന്ത്യക്കാർ ഇവിടെ ഇടുങ്ങിയ മത വർഗീയ ചിന്തകൾ കൂടുതലായി വളർത്തുന്നത് ഒട്ടും ആശാവഹമല്ല. അത്തരമൊരു ആർഷഭാരതസംസ്കാരം (ആ. ഭാ. സം.) ആണോ നമുക്കാവശ്യം ?. ചിന്തിക്കുക.

**സഭാനവീകരണം കാലത്തിന്റെ ആവശ്യം**

**കാത്തലിക്ക് അസോസിയേഷൻ പ്രസിഡന്റായിരുന്നിട്ടും ഇപ്പോൾ നവീകരണ പ്രസ്ഥാനത്തെയാണല്ലോ അനുകൂലിക്കുന്നത്? സഭയിൽ എന്ത് മാറ്റം വരണമെന്ന് ആഗ്രഹിക്കുന്നു?**

സഭാ നവീകരണ പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുന്ന ആരുംതന്നെ സഭയ്ക്ക് എതിരല്ല. നവീകരണം എന്നത് ഒരു നശീകരണം എന്ന് കണക്കാക്കരുത്.. അവർ സഭയെ സ്നേഹിക്കുന്നവരാണ്. അതുകൊണ്ടാണ് സഭയിൽ കാലോചിതമായ മാറ്റങ്ങളും നവീകരണങ്ങളും വേണമെന്ന് അവർ ആവശ്യപ്പെടുന്നത്.

കത്തോലിക്കാ അസോസിയേഷൻ പ്രസിഡണ്ട് ആയിരുന്നതുകൊണ്ട് സഭാ പുരോഹിതരുടെ, പുരോഹിത മേധാവികളുടെ, അവരെ ചുറ്റിപ്പറ്റി നിൽക്കുന്ന ആജ്ഞാനുവർത്തികളുടെ ദുഷ്പ്രവർത്തികൾക്കും






, ദുരാചാരങ്ങൾക്കും അനാചാരങ്ങൾക്കും ചൂഷണ ങ്ങൾക്കും കളവുകൾക്കും കൂട്ടു നിൽക്കണമെന്നില്ല. എല്ലാവരെയും അടച്ച് അല്ല ഇത്തരം കാര്യങ്ങൾ പറയുന്നത്. അതുപോലെ എല്ലാ നവീകരണകാരും ശരിയായിട്ടാണ് പറയുന്നത് എന്നും തോന്നുന്നില്ല.

ഏതായാലും ഇന്ന് സഭാനടപടികളിൽ അല്മായരുടെ പങ്കാളിത്തം തുലോം പരിമിതമാണ്. എല്ലാം പൗരോഹിത്യത്തിൽ അധിഷ്ഠിതമാണ്. അതിനാൽ നവീകരണ പ്രസ്ഥാനത്തിൽ അണ്ണാൻകുഞ്ഞും തന്നാലായത് എന്ന രീതിയിൽ എല്ലാ അൽമേനികളും പ്രവർത്തിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ മാറിയ സാഹചര്യത്തിൽ കുറച്ചൊക്കെ ജനാധിപത്യം സഭയിലും ഉണ്ടാകണം. പണമിട പാടുകളിൽ സുതാര്യത ഉണ്ടാകണം, ചർച്ച് ആക്ട് നിലവിൽ വരണം. ദൈവമില്ലാത്ത ദേവാലയങ്ങൾ അല്ല നമുക്ക് വേണ്ടത്. ദൈവത്തെക്കാൾ കൂടുതലായി സ്ഥാനം പുരോഹിതർക്ക് നൽകിക്കൂടാ. അവരും മനുഷ്യരാണ്.

ഇപ്പോൾ ജനാഭിമുഖ കുർബാനക്ക് വേണ്ടിയുള്ള എറണാകുളത്തെ വൈദികരുടെ നിലപാടിനോടാണ് അനുഭാവം. സഭയിൽ സുറിയാനി അടക്കം പഴയ രീതി തിരിച്ചു വരുന്നതിനോട് താല്പര്യമില്ല. അതുപോലെ തന്നെ സഭയിൽ വളരുന്ന അധാർമ്മികതയെ അംഗീകരിക്കാനാവില്ല. ഉദാഹരണം ഫ്രാങ്കോ വിഷയം.

അമേരിക്കയിലും രൂപതകൾ വന്നശേഷമാണ് കത്തോലിക്കാ അസോസിയേഷൻ, സീറോമലബാർ കത്തോലിക്കാ കോൺഗ്രസ് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ, ആത്മായ പ്രാതിനിധ്യവും പ്രസക്തിയും നഷ്ടപ്പെട്ടത്. എല്ലാം രൂപതാ സംവിധാനത്തിന് കീഴിലായി ഒതുങ്ങി. ഇതിനെപ്പറ്റി വാല്യങ്ങൾ തന്നെ എഴുതിയാൽ പോരാ. ഇത്രയും പറയുന്നതിൽ ആർക്കും ദയവായി പരിഭവം തോന്നരുത്. തെറ്റുണ്ടെങ്കിൽ ക്ഷമിക്കണം.

ഞാൻ ഇവിടെ ധാരാളം സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സംഘടനകളിലും, തൊഴിലാളി- ലേബർ പ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. അവിടങ്ങളിലും ധാരാളം പുഴുക്കുത്തുകൾ, ഭരണഘടന ലംഘനങ്ങൾ പ്രവർത്തന വൈകല്യങ്ങൾ കണ്ടിട്ടുണ്ട്, കാണുന്നുണ്ട്. അവിടെയും തിരുത്തലുകളും സമഗ്രമായ അഴിച്ചുപണികളും ആവശ്യമാണ്. പിന്നെ കൈ നനയാതെ മീൻ പിടിക്കുന്നവർ ഏതു പ്രസ്ഥാനത്തിലും കാണുമല്ലോ. അക്കാര്യവും ഞാൻ തുറന്നു പറയുന്നതിൽ എന്നോട് ആർക്കും വിഷമം തോന്നരുത്. എൻറെ പ്രവർത്തനങ്ങളിലും വൈകല്യങ്ങൾ ഒരു പക്ഷേ ഉണ്ടായിരിക്കാം എവിടെയാണെങ്കിലും തിരുത്തേണ്ടത് തിരുത്താൻ താനും ബാധ്യസ്ഥൻ തന്നെ എന്നു കൂടെ പറയട്ടെ

**കൊറോണ കാലത്ത് എന്തൊക്കെ ചെയ്തു? അത് ജീവിതത്തെ എങ്ങനെ മാറ്റി മറിച്ചു?**

കൊറോണക്കാലത്ത് മറ്റ് എല്ലാവരെയും ഒക്കെ പോലെ തന്നെ അധിക സമയവും സ്വന്തം വീട്ടിൽ തന്നെ കഴിച്ചു കൂട്ടി. അത്യാവശ്യ കാര്യങ്ങൾക്ക് മാസ്ക് ധരിച്ച് വെളിയിൽ പോയി വന്നു. പൊതുസ്ഥലങ്ങളിൽ പബ്ലിക് മീറ്റിങ്ങുകൾ കുറവായിരുന്നു. ഞാനും അത്തരം പബ്ലിക് മീറ്റിംഗ്കളിൽ പോയിരുന്നില്ല. ഭാഷ സാഹിത്യ-സാംസ്കാരിക രാഷ്ട്രീയ മീറ്റിങ്ങുകൾ ധാരാളമായി തന്നെ വർചൽ ആയി സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്തു.

അത്തരം മീറ്റിങ്ങുകളിൽ യാതൊരു വിധത്തിലുള്ള വലിപ്പച്ചെറുപ്പം, പ്രോട്ടോക്കോൾ ഒന്നും നോക്കാതെ തുല്യ പരിഗണനയും പങ്കാളിത്തവും എല്ലാവർക്കും ലഭിക്കുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തൽഫലമായി ചില വമ്പന്മാർ എന്ന് സ്വയം അഭിമാനിച്ചിരുന്നവർക്ക് ഒരുപക്ഷേ ഒരല്പം ഈർഷ്യ തോന്നികൂടായ്കയില്ല. എന്നാൽ അത്തരക്കാരെയും, എല്ലാവരെയും എന്നും ഒരുപോലെ ബഹുമാനിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. അത് മേലിലും അപ്രകാരം ഒക്കെ തന്നെയായിരിക്കും.

എല്ലാ കൊല്ലവും ഒരു രണ്ടുമാസത്തേക്ക് നാട്ടിൽ ചെലവഴിക്കുന്ന പതിവുണ്ടായിരുന്നു. 2008 ൽ ഞാൻ റിട്ടയർ ആയതാണ്. അതിനാൽ ജോലിയിൽ നിന്നും മറ്റും ഞാൻ പ്രത്യേകം അവധി എടുക്കേണ്ടതില്ലല്ലോ. ന്യൂയോർക്കിൽ നിന്ന് റിട്ടയർമെൻറ് എടുത്ത ശേഷമാണ് ഞങ്ങൾ ഹ്യൂസ്റ്റനിലേക്ക് താമസം മാറ്റിയത്. എന്നാൽ കൊറോണ വന്നതിനുശേഷം നാട്ടിൽ പോകാൻ പറ്റിയിട്ടില്ല. നാട്ടിൽ പോയിട്ട് ഇപ്പോൾ രണ്ടര വർഷം ആകുന്നു.

**സൂം ചർച്ചകൾ സംഘടിപ്പിക്കാൻ കാരണമെന്ത്?**

കൊറോണയും വീട്ടിൽ കുത്തിയിരിപ്പും തന്നെ കാരണം. അവസരത്തിനൊത്ത് കാലോചിതമായി













ആക്ടീവായി എന്തെങ്കിലും നല്ല കാര്യം ചെയ്യണമെന്ന് തോന്നി. അതിനു പലരെയും പോലെ കണ്ട ഒരു മാർഗമാണ് വെർചൽ മീറ്റിങ്ങുകൾ. അതുവഴി ആർക്കും വലിയ ബുദ്ധിമുട്ടില്ലാതെ വളരെ എളുപ്പത്തിൽ മീറ്റിംഗുകളും സിമ്പോസിയങ്ങളും സെമിനാറുകളും, സംവാദങ്ങളും സംഘടിപ്പിക്കാൻ സാധിക്കുമല്ലോ.

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സമ്മേളനങ്ങളും ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നു. യാതൊരു വിധ വലിപ്പച്ചെറുപ്പം പ്രോട്ടോകോൾ ഒന്നുമില്ലാതെ തന്നെ എല്ലാ സാധാരണക്കാർക്കും പറ്റുന്നത്ര തുല്യ സമയവും പരിഗണനയും നൽകി അത്തരം മീറ്റിങ്ങുകൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നടത്താൻ സാധിക്കുന്നുണ്ട്. ആരെയും ഒന്നിനും നിർബന്ധിക്കാറില്ല. അത്തരം മീറ്റിംഗുകളിൽ ആർക്കും സംബന്ധിക്കാൻ അവസരമുണ്ട്.

അമേരിക്കൻ മലയാളികൾക്ക് താല്പര്യമുള്ള ഏതു വിഷയവും മീറ്റിങ്ങുകൾ വഴി ചർച്ചചെയ്യാൻ ഒരു വാളണ്ടിയർ എന്ന നിലയിൽ അവസരമൊരുക്കാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ അതിഥികളും ആതിഥേയരും സംഘാടകരും ഒരേ പ്ലാറ്റ്ഫോമിൽ സന്ധിക്കുന്നു. യാതൊരുവിധ വലിപ്പച്ചെറുപ്പമില്ലാതെ. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന ഈമലയാളിക്കും പ്രത്യേകം നന്ദി

**കലാ-സാഹിത്യ പ്രവർത്തനങ്ങളും കുടുംബ ജീവിതവും എങ്ങനെ ഒരുമിച്ച് കൊണ്ട് പോകുന്നു?**

വലിയ വലിയ അഭിനേതാക്കളുടെ ഗണത്തിൽ ഒന്നുമല്ലെങ്കിലും കുറച്ചു നാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട് കഥാപ്രസംഗങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അത്തരം കലാപരിപാടികളിൽ ഒന്നുമില്ല. കൂടുതലായി ചർച്ച സമ്മേളനങ്ങളിലും ആരോഗ്യപരമായ സംവാദങ്ങളിലും മാത്രം പങ്കെടുക്കുന്നു. തമാശയായി പറഞ്ഞാൽ സംവാദത്തിന് മൂർദ്ധന്യതയിൽ എത്തി അടിയും തൊഴിയും മേടിക്കാനും ഒന്നും തിരിച്ചു കൊടുക്കാനും പറ്റിയ ആരോഗ്യവും ശരീരപ്രകൃതിയും എനിക്കില്ല.

ചോദ്യത്തിന് ഉത്തരം പറയാം. ഇതിനെല്ലാം ഒപ്പം കുടുംബ ജീവിതവും അങ്ങനെ സുഗമമായി പോകുന്നു. പിന്നെ സത്യം പറഞ്ഞാൽ എൻറെ വീട്ടുകാരികോ മക്കൾക്കോ ഇത്തരം പ്രവർത്തനങ്ങളോട് യാതൊരുവിധ താൽപര്യവുമില്ല. പക്ഷെ അവരാരും എതിരു നിൽക്കാറില്ല. സഹകരിക്കുന്നു എന്ന് മാത്രം. കാരണം ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് നമ്മുടെ സമയവും പോക്കറ്റിലെ പണവും ആണല്ലോ കൂടുതലായി നഷ്ടപ്പെടുന്നത്. പിന്നെ ചില അവസരത്തിൽ വെറുതെ ചില അസൂയക്കാരെയും, ശത്രുക്കളെയും കൂടെ സമ്പാദിക്കുന്നു എന്നുള്ളത് ഒരു പരമാർത്ഥമാണ്. പല അനീതികൾ കാണുമ്പോൾ, രാഷ്ട്രീയക്കാരുടെയും മത മേധാവികളുടെയും പൊള്ളയായ, നശീകരണക്ഷമമായ ചെയ്തികൾ കാണുമ്പോൾ അതിനെതിരെ ശക്തിയായി പ്രതിഷേധിക്കാനും, പ്രതികരിക്കാനും തോന്നാറുണ്ട്. പല മാധ്യമങ്ങളും ഇത്തരം പ്രതിലോമ ശക്തികളുടെ പിടിയിൽ ആണുതാനും. ജനാധിപത്യം എന്ന് ഭംഗിവാക്ക് എപ്പോഴും പറയുമെങ്കിലും ഇപ്പോഴും കയ്യൂക്കുള്ളവൻ തന്നെ കാര്യക്കാരൻ. ബഹുഭൂരിപക്ഷം സാധാരണക്കാരായ ബഹുജനങ്ങൾ സഹിക്കുന്നു ക്ഷമിക്കുന്നു. അല്ലാതെ മറ്റു മാർഗം ഒന്നും ഇല്ലല്ലോ. പലപ്പോഴും ഇതെല്ലാം കണ്ടും കേട്ടും മനസ്സിലൊതുക്കി ജീവിക്കാൻ മാത്രമേ ഇപ്പോഴത്തെ സാഹചര്യത്തിൽ സാധിക്കുന്നുള്ളൂ.

**അമേരിക്കയിലെ ഉറ്റ സുഹൃത്തുക്കൾ ആരാണ്?**

ആരുടേയും പ്രത്യേകം പേരെടുത്ത് ഞാൻ പറയുന്നില്ല. എന്നെ സുഹൃത്തായി കരുതുന്ന എല്ലാവരും എൻറെ സുഹൃത്തുക്കൾ തന്നെ. ആരെങ്കിലും ഒക്കെ എന്നെ ശത്രുവായി കരുതിയാലും ഞാൻ അവരെയും മിത്രമായി തന്നെ കണക്കാക്കുന്നു. പിന്നെ സൗഹൃദങ്ങൾക്ക് ഒരു ഏറ്റക്കുറച്ചിൽ മാനുഷികമായി ഉണ്ടാകാമല്ലോ. അഭിപ്രായഭിന്നത ശത്രുതക്ക് ഒരിക്കലും കാരണമാകരുത് എന്നാണ് എൻറെ വീക്ഷണം. എഴുത്തുകാരോടും ചിന്തകരോടും മാധ്യമപ്രവർത്തകരോടും ഒക്കെ എനിക്ക് ഒരു പ്രത്യേക മമതയും ബഹുമാനവുമുണ്ട്.